Series HRL

Code No. 12

Roll No. | | | | | | | |

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **6** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **5** questions.
- **Please write down the Serial Number of the question before attempting it.**
- 15 minutes time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the student will read the question paper only and will not write any answer on the answer script during this period.

# MALAYALAM

# മലയാളം

*Time allowed : 3 hours* | *Maximum Marks : 100*

*അനുവദിച്ച സമയം : 3 മണിക്കൂർ* | *ആകെ മാർക്ക് : 100*

എ വിഭാഗം

1. (a) പര്യായം എഴുതുക : *1*

നാകം

(b) വിപരീതം എഴുതുക : *1*

(i) വൈമുഖ്യം

(ii) പ്രദാനം

(c) നാനാർത്ഥം എഴുതുക : *1*

യോഗം

(d) അർത്ഥവ്യത്യാസം എഴുതുക : 1

വൃത്തി – വൃദ്ധി

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക : 4

(i) ചൊല്ലുകെന്ന്

(ii) മിന്നിത്തിളങ്ങി

(iii) മനശ്ശോഭ

(iv) വേഗത്തിൽ

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക : 4

(i) യഥാവിധി

(ii) ചരാചരങ്ങൾ

(iii) ഗാഢാശ്ലേഷം

(iv) ഇച്ഛാഭംഗം

(g) പ്രയോഗം മാറ്റുക : 2

(i) പ്രകൃതിയുടെ കരാളമായ ഭാഗം ധനികനായിരുന്ന ബാപ്പയെ കൊടിയ ദാരിദ്ര്യത്തിലേക്കു വലിച്ചെറിയുന്നു.

(ii) അപ്പോൾ ബുദ്ധിമാനായ ദ്രോണാചാര്യർ ഭീമദുര്യോധനന്മാരെ യുദ്ധക്കളത്തിൽ നിന്നും പിരിച്ചു വിട്ടു.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കുക : 2

(i) കുന്തി കന്യകയായിരിക്കുമ്പോൾ ഉണ്ടായ പുത്രൻ കർണ്ണനാണ്.

(ii) സ്വാമി തന്റെ തിരുനാളാഘോഷവേളയിൽ രണ്ടു സന്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തി.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : 2

കവികളുടെ ഭാവനാസങ്കല്പമനുസരിച്ച് നായകന്റെ കഥയുടെ ഏതു രംഗവും പരിപോഷിപ്പിച്ച് പുഷ്ടിപ്പെടുത്താം.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക : 2

പെൺകുട്ടിയുടെ കരച്ചിൽ കേട്ട് ചന്തപ്പിള്ളേർ അവളുടെ ചുറ്റും കൂടി.

(a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക : 10

(i) ശാസ്ത്രം മനുഷ്യപുരോഗതിക്കു നൽകിയ സംഭാവനകൾ

(ii) കാർഷികമേഖലയിലെ പ്രതിസന്ധി

(iii) പ്ലാസ്റ്റിക്കിന്റെ ഉപയോഗം – പ്രകൃതിക്കു ദോഷം

(b) കത്തുകൾ കിട്ടാനുണ്ടാകുന്ന കാലതാമസത്തെപ്പറ്റി പരാതിപ്പെട്ടുകൊണ്ട് പോസ്റ്റുമാസ്റ്റർ ജനറലിന് ഒരു കത്തു തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

പ്രകൃതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്ന കാര്യത്തിൽ വനങ്ങൾക്ക് സുപ്രധാനമായ പങ്കു വഹിക്കാനുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ മാത്രം 75 ശതമാനം ഉണ്ടായിരുന്ന വനം ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും 50 ശതമാനമായി കുറഞ്ഞു. അതായത് കേരളത്തിന്റെ ആകെ വിസ്തൃതിയിൽ 27.83 ശതമാനം മാത്രമാണ് വനഭൂമി. ജനസംഖ്യാവർദ്ധനവു മൂലം കൃഷിക്കും താമസത്തിനുമായി വളരെയേറെ വനം വെട്ടി ത്തെളിച്ചതാണ് വനവിസ്തൃതി ഇത്രയേറെ കുറയാൻ കാരണം. അതുപോലെ ജലവൈദ്യുത പദ്ധതികൾക്കായി ഡാമുകൾ നിർമ്മിക്കപ്പെട്ടപ്പോഴും വനപ്രദേശം നഷ്ടമാവുകയാണുണ്ടായത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വനങ്ങൾക്ക് പ്രധാന പങ്കു വഹിക്കാനുണ്ട്. എന്നാൽ ഈ ആധുനികയുഗത്തിൽ പ്രകൃതിസംരക്ഷണത്തിൽ അത്യന്തഭീഷണമായ

സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. "പ്രകൃതിയുടെ സുരക്ഷയ്ക്കായി കാടു സംരക്ഷിക്കുക, ഭൂമിയിലെ ജീവൻ നിലനിർത്തുക, ഭൂമിയിലെ അനർഘസമ്പത്തായ വനം നിലനിർത്തുക" എന്ന തിരിച്ചറിവിലേക്ക് നാം എത്തേണ്ടിയിരിക്കുന്നു. ഭുമിക്ക് 500 കോടിയോളം വർഷം പഴക്കമുണ്ട്. പ്രപഞ്ചത്തിൽ ജീവൻ നിലനിൽക്കുന്നതായ ഏക ഗ്രഹവും ഭൂമിയാണ്. അങ്ങനെ ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമായ ജൈവമണ്ഡലത്തേയും ഭുവിഭാഗത്തേയും സംരക്ഷിക്കാൻ മനുഷ്യൻ തയ്യാറായി. ശുദ്ധവായും, ശുദ്ധജലം, ഫലഭൂയിഷ്ഠിയുള്ള മണ്ണ് എന്നിവ ജീവന്റെ നിലനില്പിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ്. ഇവയെ സംരക്ഷിച്ചു നിർത്തുകയാണ് കാടുകൾ ചെയ്യുന്ന സേവനം. മലിനീകരണം കുറച്ച് ആരോഗ്യകരമായ പ്രകൃതിയെ നില നിർത്തുന്നതും ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതും മണ്ണ് സംരക്ഷിക്കുന്നതും മഴവെള്ളത്തെ ഉറവവെള്ളമാക്കി മാറ്റുന്നതും വനങ്ങൾ തന്നെയാണ്. വൃക്ഷങ്ങൾ മണ്ണിനെ ഉറപ്പിച്ച് മണ്ണൊലിപ്പു തടയാൻ സഹായിക്കുന്നു. സസ്യങ്ങളും വൃക്ഷങ്ങളും ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാകുമ്പോൾ മണ്ണൊലിപ്പുണ്ടാകുന്നു. അതോടെ മേൽ മണ്ണ് കുത്തിയൊലിച്ചു പോകുകയും ചെയ്യുന്നു. അതിനാൽ വൃക്ഷങ്ങൾ നഷ്ടപ്പെട്ട ഭാഗത്ത് കൂടുതൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കേണ്ടതാണ്. ആത്മീയമായൊരു ബന്ധവും നമുക്ക് കാടുമായിട്ടുണ്ട്. ചില കാവുകളും ആരാധനാലയങ്ങളും ഉദാഹരണമായി പറയാവുന്നതാണ്. ഉത്തരകേരളത്തിൽ അമ്മക്കാവുകളും പുരുഷ ക്കാവുകളും സർപ്പക്കാവുകളും ധാരാളമായി കാണാവുന്നതാണ്. മനുഷ്യന്റെതന്നെ ആദ്യകാല വാസകേന്ദ്രങ്ങൾ പക്ഷിമൃഗാദികളും സസ്യലതാദികളും സമ്മിശ്രമായി കഴിഞ്ഞിരുന്ന കാടുകളായിരുന്നു.

(i) കേരളത്തിൽ വനങ്ങൾ കുറയാൻ കാരണമെന്ത് ? *2*

(ii) എന്തു തിരിച്ച്റിവാണ് നമുക്കു വേണ്ടത് ? *2*

(iii) കാടുകൾ ചെയ്യുന്ന സേവനമെന്ത് ? 2

(iv) വൃക്ഷങ്ങൾ നഷ്ടപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കണമെന്നു പറയുന്നതെന്തുകൊണ്ട് ? 2

(v) മനുഷ്യന് കാടുമായുള്ള ആത്മീയ ബന്ധമെന്ത് ? 2

ബി വിഭാഗം

(a) 'കർണ്ണൻ ദ്രോണരുടെ അനുമതിയോടുകൂടി പറഞ്ഞവിധം തന്നെ പ്രവർത്തിച്ചു കാണിച്ചു.'

(i) എന്താണ് കർണ്ണൻ പറഞ്ഞത് ? 2

(ii) സന്ദർഭം വിവരിക്കു. 2

(b) 'ഇതൊന്നും പ്രയത്നം കൂടാതെ വരുന്നതല്ല.'

(i) ഏത് ? 1

(ii) ഉദാഹരണസഹിതം വിവരിക്കുക. 3

(c) 'പപ്പു പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യുന്നവനാണെ'ന്നുള്ള പ്രസ്താവന ഉദാഹരണസഹിതം സമർത്ഥിക്കുക. 4

(d) (i) നോവൽ രചനയിലെ നവീനസമ്പ്രദായമെന്ത് ? 2

(ii) അതിൽ നിന്ന് ബഷീറിന്റെ രചനാരീതിക്കുള്ള വ്യത്യാസമെന്ത് ? 2

(e) (i) ശ്രീ നാരായണഗുരു സർവ്വമത സമ്മേളനം വിളിച്ചു കൂട്ടിയതിന്റെ ഉദ്ദേശ്യമെന്ത് ? 3

(ii) ആ സമ്മേളനത്തിന്റെ മുദ്രാവാക്യം എന്തായിരുന്നു ? 1

(a) "പ്രപഞ്ചഭൂമിയിൽ വിതച്ച വിത്തിൻ ഫലത്തെ നാം കൊയ്‌വു
പ്രപഞ്ചമരുൾവൂ പട്ടും വെട്ടും പകരത്തിനു പകരം."

ആശയം വിശദമാക്കുക. 4

(b) "മുൾച്ചെടിച്ചാർത്തെന്നോ മുല്ലപ്പൂക്കൾ
മൂടി വിരിച്ച വിരികളെന്നോ
മുറ്റും ഗണിച്ചീല മൽപ്പിതാവാ -
മുഗ്ദ്ധസങ്കല്പത്തെ വാർത്തെടുക്കേ"

ആശയവും അലങ്കാരവും വ്യക്തമാക്കുക. 4

(c) ശ്രീരാമൻ ശൈവചാപം കുലച്ചൊടിച്ചപ്പോൾ ഓരോരുത്തർക്കുമുണ്ടായ ഭാവമാറ്റങ്ങൾ വിവരിക്കുക. 4

(d) "ഇരുവഴിയിൽ പെരുവഴി നല്ലൂ" എന്നു പറയുന്നത് എന്തുകൊണ്ട് ? 4

(e) പുതിയ സുഖഭോഗവസ്തുക്കളുടെ പിന്നാലെ പരക്കം പായുന്ന നവീനജനത തന്റെ നിലനില്പിനെത്തന്നെ പണയം വയ്ക്കുന്നതെങ്ങനെ ? 4

**5.** 'മൃതസഞ്ജീവനി' എന്ന ശാസ്ത്രകഥയുടെ സവിശേഷതകൾ വിവരിക്കുക. 10

**(അല്ലെങ്കിൽ)**

മരിച്ചവരെ പുനർജ്ജനിപ്പിക്കാൻ കഴിയുമെന്ന പൗരാണിക സങ്കല്പത്തിന്റെ സാധുത എത്രമാത്രമുണ്ടെന്ന് 'മൃതസഞ്ജീവനി' എന്ന കൃതിയെ അടിസ്ഥാനമാക്കി പരിശോധിക്കുക.